# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5185 24.10.2011 - ൽ മറുപടിക്ക്

## കാസർഗോഡ്, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റികളിൽ യൂഡിസ്മാറ്റ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കുടിവെള്ളം നൽകുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ യൂഡിസ്മാറ്റ് എത്ര സ്ഥലങ്ങളിൽ നടപ്പിലാക്കുന്നുണ്ടെന്ന് അറിയിക്കാമോ;

(എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കുടിവെള്ളം നല്കുന്നതിനുള്ള കേന്ദ്രാവൃഷ്കൃത പദ്ധതിയായ യൂഡിസ്മാറ്റിൽ ഉൾപ്പെടുത്തി 13 മുനിസിപ്പാലിറ്റികളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ആലപ്പുഴ മുനിസിപ്പാലിറ്റിക്കും സമീപത്തെ എട്ട് പഞ്ചായത്തുകൾക്കും, തിരുവല്ല, ചങ്ങനാശ്ശേരി, ഗുരുവായൂർ, ചാവക്കാട്, തലശ്ശേരി, പയ്യന്നൂർ, ചിറ്റൂർ തത്തമംഗലം, ഒറ്റപ്പാലം, മലപ്പുറം, പെരിന്തൽമണ്ണ, വടകര, കല്പറ്റ എന്നീ മുനിസിപ്പാലിറ്റികൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

(ബി) ഇതിൽ ഓരോ തദ്ദേശസ്ഥാപനത്തിനും എത്ര തുകയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും ഇതിൽ തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം എത്രയാണെന്നും അറിയിക്കാമോ ;

(ബി)

| പദ്ധതികൾ | | രൂപ (ലക്ഷത്തിൽ) |
|---|---|---|
| ആലപ്പുഴ മുനിസിപ്പാലിറ്റി | - | 9194.00 |
| പയ്യന്നൂർ മുനിസിപ്പാലിറ്റി | - | 4019.00 |
| ഗുരുവായൂർ | - | 3144.33 |
| ചാവക്കാട് | - | 1900.67 |
| തലശ്ശേരി | - | 4120.00 |
| വടകര | - | 2091.75 |
| കല്പറ്റ. | - | 3217.00 |
| പെരിന്തൽമണ്ണ | - | 811.00 |
| ചിറ്റൂർ തത്തമംഗലം | - | 650.00 |

| | | |
|---|---|---|
| ചങ്ങനാശ്ശേരി | - | 391.90 |
| തിരുവല്ല | - | 627.90 |
| ഒറ്റപ്പാലം | - | 1800.00 |
| മലപ്പുറം | - | 1976.00 |

തുകയുടെ 10% അതാതു തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്.

(സി) കടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന കാസർഗോഡ്, കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റികൾ പ്രസ്തുത പദ്ധതിക്കായി അപേക്ഷ സമർപ്പിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) ജലവിഭവ വകുപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് മുനിസിപ്പാലിറ്റികളേയും സമീപിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ മുൻസിപ്പാലിറ്റികൾ പദ്ധതിക്കായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും മുൻസിപ്പാലിറ്റികൾ ജലവിഭവ വകുപ്പിന് നൽകിയ മറുപടി എന്താണെന്നും വിശദമാക്കാമോ ?

(സി) യും (ഡി) യും (ഇ) യും ജലവിഭവ വകുപ്പ്, പദ്ധതിയുമായി ബന്ധപ്പെട്ട് രണ്ട് മുനിസിപ്പാലിറ്റികളേയും സമീപിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി ഇതിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

കാസർഗോഡ് മുനിസിപ്പാലിറ്റിയെ യൂഡിസ്മാറ്റ് പദ്ധതിയിൽ ഉൾപ്പെടുത്താനായി 2007-ൽ അപേക്ഷ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അവ ലഭ്യമാക്കിയിട്ടില്ല.

കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിക്കു വേണ്ടി 2008-ൽ 41 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി മുനിസിപ്പാലിറ്റിക്ക് നൽകിയിരുന്നു. എന്നാൽ സ്രോതസ്സ് നിർദ്ദേശിച്ചിരുന്ന സ്ഥലത്തെ പരിസരവാസികളുടെ എതിർപ്പ് മൂലം തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ല.

സെക്ഷൻ ഓഫീസർ